**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5496** **13-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗക്കാർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പാറശാല മണ്ഡലത്തിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ മൂവേരിക്കര വാർഡിൽ 1991-92 കാലഘട്ടത്തിൽ ഭൂരഹിതരായ ഭവനരഹിതർക്കായി പട്ടികജാതി വികസന വകുപ്പ് മുഖേന ആവിഷ്കരിച്ച പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിലെ ഒൻപത് പേർക്ക് ഭൂമിയും സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് വീടും നൽകിയെങ്കിലും നാളിതുവരെ ഇവർക്ക് പട്ടയം ലഭ്യമാക്കിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | 1989-90 കാലഘട്ടത്തിൽ ഭൂരഹിതരായ ഭവനരഹിതർക്കായി പട്ടികജാതി വികസന വകുപ്പ് മുഖേന ആവിഷ്കരിച്ച പദ്ധതി പ്രകാരം 46 സെൻറ് വസ്തു 4 സെൻറ് വീതം പത്ത് പേർക്ക് നൽകിയിരുന്നു. എന്നാൽ പട്ടയം ലഭിച്ചിരുന്നില്ല. ശേഷം പ്രസ്തുത വസ്തുവിന് പട്ടയം ലഭ്യമാക്കാമെന്ന് വകുപ്പിൽ നിന്നും അറിയിച്ചിരുന്നുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ അത് സാധിച്ചിരുന്നില്ല. 2020 ൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ സ്ഥലം സന്ദർശിക്കുകയും പ്രദേശത്ത് നിലവിൽ താമസിക്കുന്നവരോട് അവരുടെ വില്ലേജ് ഓഫീസിൽ പട്ടയം ലഭ്യമാക്കേണ്ട ഭൂമിയുടെ രേഖകളും അപേക്ഷയും നൽകാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ടി വിഷയത്തിന്മേൽ വകുപ്പ് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കാലഘട്ടത്തിൽ ഭൂമിയും വീടും ലഭിച്ചവരുടെ പേരുവിവരങ്ങൾ ലഭ്യമാക്കാമോ; ഇതിൽ എത്ര പേർ നിലവിൽ ഈ പ്രദേശത്ത് താമസിക്കുന്നുണ്ട്; വിവരം ലഭ്യമാക്കാമോ; | (ബി) | ആകെ 10 പേർക്ക് വസ്തു നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇവിടത്തെ സ്ഥിരതാമസക്കാർക്ക് പട്ടയം ലഭ്യമാക്കി നൽകുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ആയതിന്റെ പുരോഗതി അറിയിക്കാമോ; | (സി) | ജില്ലാ പട്ടികജാതി വികസന ഓഫീസർ സ്ഥലം സന്ദർശനം നടത്തുകയും വില്ലേജ് ഓഫീസിൽ പട്ടയം ലഭ്യമാക്കുന്നതിനായി ആവശ്യമായ രേഖകൾ ഉൾപ്പെടെ അപേക്ഷ നൽകുന്നതിനും വസ്തു ഉടമകളോട് നിർദ്ദേശിക്കുകയുണ്ടായിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് അവിടത്തെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് യഥാർത്ഥ ഉടമകൾക്ക് പട്ടയം ലഭ്യമാക്കി നൽകാനും ബാക്കിയുള്ള ഭൂമി ഏറ്റെടുത്ത് ഈ പഞ്ചായത്തിലെ ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് ലൈഫ് പദ്ധതി പ്രകാരമോ മണ്ണും വീടും പദ്ധതി | (ഡി) | ജില്ലാ പട്ടികജാതി വികസന ഓഫീസർ സ്ഥലം സന്ദർശനം നടത്തുകയും വില്ലേജ് ഓഫീസിൽ പട്ടയം ലഭ്യമാക്കുന്നതിനായി ആവശ്യമായ രേഖകൾ ഉൾപ്പെടെ അപേക്ഷ നൽകുന്നതിനും വസ്തു ഉടമകളോട് നിർദ്ദേശിക്കുകയുണ്ടായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | പ്രകാരമോ വീട് നിർമ്മിച്ച് നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| പ്ലോട്ട് നമ്പർ | പേര് | വാർഡ് |
|---|---|---|
| 1 | സുകുമാരൻ (late) | മുവേരിക്കര വാർഡ് |
| 2 | ശ്യാമള | |
| 3 | നിർമ്മല (late) | |
| 4 | പ്രസന്നകുമാരി | |
| 5 | അനിത | |
| 6 | ശശി | |
| 7 | ഓമന | |
| 8 | തങ്കമ്മ (late) | |
| 9 | മണിയൻ | |
| 10 | അംബിക (late) | |

നിലവിൽ മൂന്നുപേർ ഈ പ്രദേശത്ത് താമസിച്ച വരുന്നു

| പ്ലോട്ട് നമ്പർ | പേര് | വാർഡ് |
|---|---|---|
| 4 | പ്രസന്നകുമാരി | മുവേരിക്കര വാർഡ് |
| 2 | ശ്യാമള | |
| 9 | മണിയൻ | |

**15 വർഷമായി അനധികൃതമായി താമസിക്കുന്നവർ**

1. ശാരദ (പ്ലോട്ട് നം.3 നിർമ്മലയുടെ വസ്തുവിൽ)
2. ലീല (പ്ലോട്ട് നം.6 ശശിയുടെ വസ്തുവിൽ)

സെക്ഷൻ ഓഫീസർ